**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 352** — **01-07-2024 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക രംഗം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗം കൂടുതൽ മെച്ചപ്പെടുത്താൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | **സംസ്ഥാനത്തിന്റെ നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള ഊർജ്ജിതമായ നടപടികൾ 2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ, ലാൻഡ് റവന്യൂ എന്നീ വകുപ്പുകളിലേയും, സ്വന്തമായി വൈദ്യുതി ഉൽപ്പാദിപ്പിച്ച് ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്കും, ലൈസൻസികൾക്കും ഏർപ്പെടുത്തിയിട്ടുള്ള വൈദ്യുതി തീരുവ, ജുഡീഷ്യൽ കോർട്ട് ഫീസ്, ഗാലനേജ് ഫീ എന്നീ ഇനങ്ങളിലേയും നിരക്ക് വർദ്ധനവിലൂടെ 2024-25 സാമ്പത്തിക വർഷം ഏകദേശം 1000 കോടി രൂപ സമാഹരിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുകയാണ്. കാര്യക്ഷമമായ രീതിയിൽ സ്ലാപ്പിംഗ് നയം രൂപപ്പെടുത്തി നടപ്പാക്കുന്നതിലൂടെ ഏകദേശം 200 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു. അതോടൊപ്പം നികുതി ഇനങ്ങളിലെ കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായുള്ള നടപടികളും തുടരുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിലെ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടരുന്നതിനും, ചെറുകിട മേഖലയ്ക്ക് കൂടുതൽ ഉണർവ് നല്കുന്നതിന്റെ ഭാഗമായും, ജി.എസ്.റ്റി വകുപ്പിലെ നികുതി കുടിശ്ശിക തീർപ്പാക്കുക എന്നതിന്റെ ഭാഗമായും 'ആനംസ്റ്റി 2024' പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പാക്കി വരുന്നു.**<br><br>**സംസ്ഥാനത്തിന്റെ പ്രധാന നികുതി വരുമാന മേഖലയായ ജി.എസ്.ടി വരുമാനം വർദ്ധിപ്പിക്കുന്നതിനായി, ജി.എസ്.ടി നിയമവ്യവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിൽ വകുപ്പിനെ പുന:സംഘടിപ്പിച്ചു നികുതി പിരിവു കൂടുതൽ** |

കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വകുപ്പ് പുന:സംഘടനയിലൂടെ ടാക്സ് പെയർ സർവ്വീസസ്, ഓഡിറ്റ് ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ടാക്സ് പെയർ സർവ്വീസസ്, നികുതി ദായകർ റിട്ടേണുകളിൽ കാണിച്ചിരിക്കുന്ന നികുതി ബാധ്യതയുടെ ആധികാരികത പരിശോധനയിലൂടെ വിലയിരുത്തി നടപടികൾ സ്വീകരിച്ചുകൊണ്ട് തനത് നികുതി വരുമാനം കണ്ടെത്തി സർക്കാരിലേയ്ക്ക് ലഭ്യമാക്കി വരുന്നു. ഓഡിറ്റ് വിഭാഗം നികുതി ദായകരെ പല പാരാമീറ്ററുകൾ ഉപയോഗപ്പെടുത്തി, റിസ്ക് അടിസ്ഥാനത്തിൽ തരംതിരിച്ച് ഓഡിറ്റിനായി തെരഞ്ഞെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ ഓഡിറ്റ് വിസിറ്റ് നടത്തി നികുതി അടവായിട്ടുണ്ടോ എന്ന് പരിശോധിച്ച് നടപടികൾ എടുത്തുവരുന്നു. എൻഫോഴ്സ്മെന്റ് വിഭാഗം ചരക്ക് നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും 24 മണിക്കൂറും പട്രോളിങ് ചെയ്ത് ചരക്ക് വാഹനങ്ങളുടെ പരിശോധനയിലൂടെ നികുതി വരുമാനം ഉറപ്പുവരുത്തുകയും നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ കൃത്യമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. രഹസ്യ അന്വേഷണം, ഇൻഫോർമർമാർ, പരാതികൾ എന്നിവയിലൂടെ ഇന്റലിജൻസ് വിഭാഗം വലിയ തോതിൽ നികുതിവെട്ടിപ്പ് നടക്കുന്ന മേഖലകൾ കണ്ടെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സേർച്ച്, ഇൻസ്പെക്ഷൻ എന്നിവ നടത്തുകയും നികുതി വെട്ടിപ്പ് കണ്ടെത്തുന്ന പക്ഷം നിയമത്തിനു വിധേയമായി പെനാൽറ്റി ഈടാക്കുകയും ചില കേസുകളിൽ അറസ്റ്റ് അടക്കമുള്ള നടപടികൾ സ്വീകരിച്ച് നികുതി ഈടാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നുമുണ്ട്. സമ്പൂർണ്ണ ജി.എസ്.റ്റി പുന:സംഘടനയിലൂടെ ജി.എസ്.റ്റി വരുമാനം ഉയരുമെന്ന് പ്രതീക്ഷിക്കുന്നു.

ദീർഘ കാലമായി പരിഷ്കരിക്കാത്ത നികുതി-നികുതിയേതര ഇനങ്ങളുടെ നിരക്കുകൾ കാലികമായി വർദ്ധിപ്പിക്കുന്നത് വഴിയും, പുതിയ ഇനങ്ങൾ കണ്ടെത്തുന്നതിലൂടെയുമുള്ള വിഭവ സമാഹരണ പ്രവർത്തനങ്ങളും സർക്കാർ നടപ്പിലാക്കുന്നുണ്ട്. വിവിധ വകുപ്പുകളിൽ നിന്നും, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാരിനു ലഭിക്കാനുള്ള കുടിശ്ശിക തുക ഈടാക്കുന്നതിനും, നികുതി-നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമത ഇൻഫർമേഷൻ ടെക്നോളജിയുടെ സാധ്യത ഉപയോഗിച്ച് വർദ്ധിപ്പിക്കുന്നതിനുമുള്ള നിർദ്ദേശം വകുപ്പുകൾക്ക് നല്കിയിട്ടുണ്ട്. റവന്യൂ

| | | | |
|---|---|---|---|
| | | | **വരുമാനം, റവന്യൂ കുടിശ്ശിക എന്നിവ പിരിച്ചെടുക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ മോണിറ്ററിംഗ് നടത്തുന്നതിനായി പ്രധാന വകുപ്പുകളുടെ അവലോകന യോഗം ചേരുന്നുണ്ട്. അതോടൊപ്പം, ദൈനംദിന ധനകാര്യ മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നുമുണ്ട്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും സാമൂഹ്യക്ഷേമ വികസന ചെലവുകൾ ഭംഗം കൂടാതെ നടത്തിയും പരമാവധി അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും മുൻപോട്ട് പോകുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിന്റെ ഭാഗമായി വരുമാനം ഉയർത്തുന്നതിനോടൊപ്പം ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ തനത് വരുമാനം ഉയർത്തിയും, അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും, റിസോഴ്സ് ഗ്യാപ് ക്രമേണ കുറച്ചുകൊണ്ട് വന്ന്, ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തുന്നതിലൂടെയും വരും വർഷങ്ങളിൽ സംസ്ഥാന സമ്പദ് വ്യവസ്ഥ കൂടുതൽ ശക്തിപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.** |
| (ബി) | സഹകരണ മേഖലയിലെയും വിദേശ മലയാളികളുടെയും നിക്ഷേപങ്ങൾ സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടബാധ്യത കുറയ്ക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | **പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുമായി കേരള സർക്കാർ ആവിഷ്കരിച്ച ദീർഘകാല നിക്ഷേപ പദ്ധതിയാണ് പ്രവാസി ഡിവിഡന്റ് പദ്ധതി. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡാണ് കിഫ്ബിയുടെ സഹകരണത്തോടെ പദ്ധതി നടപ്പാക്കുന്നത്. നിക്ഷേപകർക്ക് ഈ പദ്ധതിയിൽ 3 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപ വരെ നിക്ഷേപിക്കാവുന്നതാണ്. കിഫ്ബിയ്ക്ക് കൈമാറുന്ന ഈ തുക സംസ്ഥാനത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്നു. നിക്ഷേപകർക്ക് നിക്ഷേപ തീയതി മുതൽ 3 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് 10% വാർഷിക നിരക്കിലുള്ള ഡിവിഡന്റ് പ്രതിമാസം ലഭ്യമാക്കുന്നു. ആദ്യ മൂന്ന് വർഷങ്ങളിലെ ഡിവിഡന്റ്, നിക്ഷേപ തുകയോടൊപ്പം കൂട്ടി ചേർത്ത തുകയ്ക്കാണ് ഇപ്രകാരം ഡിവിഡന്റ് നല്കുന്നത്. നിക്ഷേപകരുടെ കാലശേഷം ജീവിത പങ്കാളിയ്ക്ക് ഡിവിഡന്റ് ലഭ്യമാകും. പങ്കാളിയുടെ കാലശേഷം നിക്ഷേപകരുടെ നോമിനിയ്ക്ക് ആദ്യ മൂന്ന് വർഷത്തെ ഡിവിഡന്റ് സഹിതം നിക്ഷേപത്തുക തിരികെ നല്കുന്നതാണ്.** |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും പ്രവാസി കുടുംബങ്ങൾക്ക് ദീർഘകാല പ്രതിമാസ വരുമാനം നല്കുന്നതിനുമായി പ്രവാസി നിക്ഷേപം പ്രയോജനപ്പെടുത്തുന്നതിന് ഈ പദ്ധതി വഴി സാധിക്കുന്നു.<br><br>സഹകരണ മേഖലയിലെ നിക്ഷേപങ്ങൾ സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടബാധ്യത കുറയ്ക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമുള്ള തീരുമാനങ്ങളൊന്നും തന്നെ നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്

സംസ്ഥാനത്തിന്റെ നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള ഊർജ്ജിതമായ നടപടികൾ 2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ, ലാൻഡ് റവന്യൂ, എന്നീ വകുപ്പുകളിലേയും, സ്വന്തമായി വൈദ്യുതി ഉൽപ്പാദിപ്പിച്ച് ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്കും, ലൈസൻസികൾക്കും ഏർപ്പെടുത്തിയിട്ടുള്ള വൈദ്യുതി തീരുവ, ജുഡീഷ്യൽ കോർട്ട് ഫീസ്, ഗാലനേജ് ഫീ എന്നീ ഇനങ്ങളിലേയും നിരക്ക് വർദ്ധനവിലൂടെ 2024-25 സാമ്പത്തിക വർഷം ഏകദേശം 1000 കോടി രൂപ സമാഹരിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുകയാണ്. കാര്യക്ഷമമായ രീതിയിൽ സ്ക്രാപ്പിംഗ് നയം രൂപപ്പെടുത്തി നടപ്പാക്കുന്നതിലൂടെ ഏകദേശം 200 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു. അതോടൊപ്പം നികുതി ഇനങ്ങളിലെ കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായുള്ള നടപടികളും തുടരുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിലെ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടരുന്നതിനും, ചെറുകിട മേഖലയ്ക്ക് കൂടുതൽ ഉണർവ് നല്കുന്നതിന്റെ ഭാഗമായും, ജി.എസ്.റ്റി വകുപ്പിലെ നികുതി കുടിശ്ശിക തീർപ്പാക്കുക എന്നതിന്റെ ഭാഗമായും 'ആനംസ്റ്റി 2024' പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പാക്കി വരുന്നു.

സംസ്ഥാനത്തിന്റെ പ്രധാന നികുതി വരുമാന മേഖലയായ ജി.എസ്.ടി വരുമാനം വർദ്ധിപ്പിക്കുന്നതിനായി, ജി.എസ്.ടി നിയമവ്യവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിൽ വകുപ്പിനെ പുനഃസംഘടിപ്പിച്ച് നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വകുപ്പ് പുനഃസംഘടനയിലൂടെ ടാക്സ് പെയർ സർവ്വീസസ്, ഓഡിറ്റ് ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ടാക്സ് പെയർ സർവ്വീസസ്, നികുതി ദായകർ റിട്ടേണുകളിൽ കാണിച്ചിരിക്കുന്ന നികുതി ബാധ്യതയുടെ ആധികാരികത പരിശോധനയിലൂടെ വിലയിരുത്തി നടപടികൾ സ്വീകരിച്ചുകൊണ്ട് തനത് നികുതി വരുമാനം കണ്ടെത്തി സർക്കാരിലേയ്ക്ക് ലഭ്യമാക്കി വരുന്നു. ഓഡിറ്റ് വിഭാഗം നികുതി ദായകരെ പല പാരാമീറ്ററുകൾ ഉപയോഗപ്പെടുത്തി, റിസ്ക് അടിസ്ഥാനത്തിൽ തരംതിരിച്ച് ഓഡിറ്റിനായി തെരഞ്ഞെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ ഓഡിറ്റ് വിസിറ്റ് നടത്തി നികുതി അടവായിട്ടുണ്ടോ എന്ന് പരിശോധിച്ച് നടപടികൾ എടുത്തുവരുന്നു. എൻഫോഴ്സ്മെന്റ് വിഭാഗം ചരക്ക് നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും 24 മണിക്കൂറും പട്രോളിങ് ചെയ്ത് ചരക്ക് വാഹനങ്ങളുടെ പരിശോധനയിലൂടെ നികുതി വരുമാനം ഉറപ്പുവരുത്തുകയും നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ കൃത്യമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. രഹസ്യ അന്വേഷണം, ഇൻഫോർമർമാർ, പരാതികൾ എന്നിവയിലൂടെ ഇന്റലിജൻസ് വിഭാഗം വലിയ തോതിൽ നികുതിവെട്ടിപ്പ് നടക്കുന്ന മേഖലകൾ കണ്ടെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സേർച്ച്, ഇൻസ്പെക്ഷൻ എന്നിവ നടത്തുകയും

നികുതി വെട്ടിപ്പ് കണ്ടെത്തുന്ന പക്ഷം നിയമത്തിനു വിധേയമായി പെനാൽറ്റി ഈടാക്കുകയും ചില കേസുകളിൽ അറസ്റ്റ് അടക്കമുള്ള നടപടികൾ സ്വീകരിച്ച് നികുതി ഈടാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നുമുണ്ട്. സമ്പൂർണ്ണ ജി.എസ്.റ്റി പുനഃസംഘടനയിലൂടെ ജി.എസ്.റ്റി വരുമാനം ഉയരുമെന്ന് പ്രതീക്ഷിക്കുന്നു.

ദീർഘ കാലമായി പരിഷ്കരിക്കാത്ത നികുതി-നികുതിയേതര ഇനങ്ങളുടെ നിരക്കുകൾ കാലികമായി വർദ്ധിപ്പിക്കുന്നത് വഴിയും, പുതിയ ഇനങ്ങൾ കണ്ടെത്തുന്നതിലൂടെയുമുള്ള വിഭവ സമാഹരണ പ്രവർത്തനങ്ങളും സർക്കാർ നടപ്പിലാക്കുന്നുണ്ട്. വിവിധ വകുപ്പുകളിൽ നിന്നും, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാരിനു ലഭിക്കാനുള്ള കുടിശ്ശിക തുക ഈടാക്കുന്നതിനും, നികുതി-നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമത ഇൻഫർമേഷൻ ടെക്നോളജിയുടെ സാധ്യത ഉപയോഗിച്ച് വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം വകുപ്പുകൾക്ക് നല്കിയിട്ടുണ്ട്. റവന്യൂ വരുമാനം, റവന്യൂ കുടിശ്ശിക എന്നിവ പിരിച്ചെടുക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ മോണിറ്ററിംഗ് നടത്തുന്നതിനായി പ്രധാന വകുപ്പുകളുടെ അവലോകന യോഗം ചേരുന്നുണ്ട്. അതോടൊപ്പം, ദൈനംദിന ധനകാര്യ മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നുമുണ്ട്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും സാമൂഹ്യക്ഷേമ വികസന ചെലവുകൾ ഭംഗം കൂടാതെ നടത്തിയും പരമാവധി അനാവശ്യ ചെലവുകളും പൂർണ്ണമായും ഒഴിവാക്കിയും മുൻപോട്ട് പോകുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിന്റെ ഭാഗമായി വരുമാനം ഉയർത്തുന്നതിനോടൊപ്പം ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനായി **സ.ഉ(അ)നം.152/2020/ധന തീയതി:05/11/2020, സ.ഉ(കൈ)നം.166/2023/ധന, തീയതി:08/11/2023** എന്നീ ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ തനത് വരുമാനം ഉയർത്തിയും, അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും, റിസോഴ്സ് ഗ്യാപ് ക്രമേണ കുറച്ചുകൊണ്ട് വന്ന്, ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തുന്നതിലൂടെയും വരും വർഷങ്ങളിൽ സംസ്ഥാന സമ്പദ് വ്യവസ്ഥ കൂടുതൽ ശക്തിപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുമായി കേരള സർക്കാർ ആവിഷ്കരിച്ച ദീർഘകാല നിക്ഷേപ പദ്ധതിയാണ് **പ്രവാസി ഡിവിഡന്റ് പദ്ധതി.** കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡാണ് കിഫ്ബിയുടെ സഹകരണത്തോടെ പദ്ധതി നടപ്പാക്കുന്നത്. നിക്ഷേപകർക്ക് ഈ പദ്ധതിയിൽ 3 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപ വരെ നിക്ഷേപിക്കാവുന്നതാണ്. കിഫ്ബിയ്ക്ക് കൈമാറുന്ന ഈ തുക സംസ്ഥാനത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്നു. നിക്ഷേപകർക്ക് നിക്ഷേപ തീയതി മുതൽ 3 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് 10% വാർഷിക നിരക്കിലുള്ള ഡിവിഡന്റ് പ്രതിമാസം ലഭ്യമാക്കുന്നു. ആദ്യ മൂന്ന് വർഷങ്ങളിലെ ഡിവിഡന്റ്,

നിക്ഷേപ തുകയോടൊപ്പം കൂട്ടി ചേർത്ത തുകയ്ക്കാണ് ഇപ്രകാരം ഡിവിഡന്റ് നല്കുന്നത്. നിക്ഷേപകരുടെ കാലശേഷം ജീവിത പങ്കാളിയ്ക്ക് ഡിവിഡന്റ് ലഭ്യമാകും. പങ്കാളിയുടെ കാലശേഷം നിക്ഷേപകരുടെ നോമിനിയ്ക്ക് ആദ്യ മൂന്ന് വർഷത്തെ ഡിവിഡന്റ് സഹിതം നിക്ഷേപത്തുക തിരികെ നല്കുന്നതാണ്. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും പ്രവാസി കുടുംബങ്ങൾക്ക് ദീർഘകാല പ്രതിമാസ വരുമാനം നല്കുന്നതിനുമായി പ്രവാസി നിക്ഷേപം പ്രയോജനപ്പെടുത്തുന്നതിന് ഈ പദ്ധതി വഴി സാധിക്കുന്നു.

സഹകരണ മേഖലയിലെ നിക്ഷേപങ്ങൾ സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടബാധ്യത കുറയ്ക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമുള്ള തീരുമാനങ്ങളൊന്നും തന്നെ നിലവിൽ പരിഗണനയിലില്ല.

**കേരള സർക്കാർ**
**സംഗ്രഹം**

ധനകാര്യ വകുപ്പ് - കോവിഡ് - 19 -ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യാൻ നിയോഗിച്ചിരുന്ന സമിതികളുടെ ശിപാർശകൾ പരിഗണിച്ച് ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിന് ഉതകുന്ന വ്യയ നിയന്ത്രണ നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (രഹസ്യ) വകുപ്പ്**

**സ.ഉ. (അ)നം. 152/2020/ധന. തീയതി, തിരുവനന്തപുരം, 05.11.2020.**

*പരാമർശം:- 1. സർക്കാർ ഉത്തരവ് (അ) നം. 42/2020/ധന. തീയതി 16/04/2020.*
*2. സർക്കാർ ഉത്തരവ് (അ) നം. 43/2020/ധന. തീയതി 17/04/2020.*
*3. സർക്കാർ ഉത്തരവ് (അ) നം. 94/2020/ധന. തീയതി 17/07/2020.*
*4. സർക്കാർ ഉത്തരവ് (അ) നം. 63/1992/ധന. തീയതി 10/01/1992.*

**ഉത്തരവ്**

കോവിഡ് – 19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യാൻ സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതികളുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിന് ചുവടെച്ചേർക്കുന്ന വ്യയ നിയന്ത്രണ നിർദ്ദേശങ്ങൾ ഉടൻ പ്രാബല്യത്തിൽ നടപ്പാക്കി ഉത്തരവാകുന്നു:

1. പരാമർശം 1 മുതൽ 3 വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം നിലവിൽ മാറ്റി വച്ചിരിക്കുന്ന ലീവ് സറണ്ടർ ആനുകൂല്യം പി.എഫ് -ൽ ലയിപ്പിക്കേണ്ടതാണ് എന്ന വ്യവസ്ഥയിൽ 2020 നവംബർ മാസം മുതൽ അനുവദിക്കുന്നതാണ്. ഇപ്രകാരം ലയിപ്പിക്കുന്ന തുക 2021 ജൂൺ 1 മുതൽ മാത്രമേ പി.എഫ് -ൽ നിന്ന് പിൻവലിക്കാൻ അനുവദിക്കുകയുള്ളൂ. അടുത്ത സാമ്പത്തിക വർഷത്തെ എല്ലാ വിഭാഗം ജീവനക്കാരുടെയും ലീവ് സറണ്ടർ ആനുകൂല്യം 2021 ജൂൺ 1 മുതൽ മാത്രമേ അനുവദിക്കുകയുള്ളൂ. മേൽ ഉത്തരവുകൾ പ്രകാരം മാറ്റി വച്ചിരിക്കുന്ന ലീവ് സറണ്ടർ ആനുകൂല്യം പി.എഫ് ഇല്ലാത്ത ജീവനക്കാർക്ക് പണമായി പിൻവലിക്കാവുന്നതാണ്.

2. 20 വർഷം ശൂന്യവേതന അവധി എന്നുള്ളത് 5 വർഷമായി ചുരുക്കുന്നു. 5 വർഷത്തിനുശേഷം ജോലിക്ക് ഹാജരാകാതിരുന്നാൽ Deemed Resignation ആയി പരിഗണിക്കേണ്ടതാണ്. നിലവിൽ അവധി ദീർഘിപ്പിച്ച് ഉത്തരവ് ലഭിച്ചവരുടെ

കാര്യത്തിൽ ഇത് ബാധകമല്ല. ഇപ്പോൾ പരിഗണനയിലിരിക്കുന്ന 5 വർഷത്തിന് ശേഷമുള്ള അവധി അപേക്ഷകൾ ദീർഘിപ്പിച്ച് നൽകുന്ന കാര്യം പരിഗണിക്കുമ്പോൾ കോൺട്രാക്റ്റ് വ്യവസ്ഥ നിലനിൽക്കുന്ന കേസുകളിൽ അക്കാര്യവും കൂടി പരിഗണിച്ച് കൊണ്ടായിരിക്കണം ഉത്തരവ് പുറപ്പെടുവിക്കേണ്ടത്.

3. പരാമർശം 4 -ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു ഉദ്യോഗസ്ഥൻ മൂന്ന് മാസത്തിന് മേൽ അവധിയെടുത്താൽ പ്രമോഷൻ നൽകി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന സമ്പ്രദായം ഒഴിവാക്കുന്നു. അധിക ചുമതല നൽകി കൃത്യനിർവ്വഹണം നടത്തേണ്ടതാണ്.

4. അധ്യാപന സമയം ഒരാഴ്ചയിൽ കുറഞ്ഞത് പതിനാറു മണിക്കൂർ ഉണ്ടാകണം എന്ന മാനദണ്ഡത്തിലായിരിക്കണം കോളേജ് അധ്യാപകരുടെ പുതിയ തസ്തിക സൃഷ്ടിക്കുന്നതിന് 01.06.2020 പ്രാബല്യത്തിൽ അനുമതി നൽകേണ്ടത്. ഇതിനാവശ്യമായ നിയമ, ചട്ട ഭേദഗതികൾ ഉന്നത വിദ്യാഭ്യാസ വകുപ്പ് ഒരു മാസത്തിനകം കൈക്കൊള്ളേണ്ടതാണ്. 31.05.2020 വരെ നിയമപ്രകാരം സർക്കാർ ഉത്തരവിലൂടെ സർക്കാർ നോമിനി കൂടെ പങ്കെടുത്ത സെലക്ഷൻ കമ്മിറ്റി അംഗീകരിച്ച നിയമനങ്ങൾ, പി.എസ്.സി. നിയമന ശുപാർശ നൽകിയ തസ്തികകൾ എന്നിവ അംഗീകരിക്കാവുന്നതാണ്.

5. ഒരു കുട്ടിയുടെ എണ്ണം കൂടിയാൽ ഒരു അധിക തസ്തിക സൃഷ്ടിക്കുവാൻ കഴിയുന്ന ബന്ധപ്പെട്ട ചട്ടങ്ങളിലെ വ്യവസ്ഥ ഒഴിവാക്കുന്നു. സ്കൂളുകളിൽ അദ്ധ്യാപക തസ്തിക സൃഷിടിക്കുന്നതിനുള്ള അന്തിമാധികാരം സർക്കാരിനായിരിക്കും. എയ്ഡഡ് സകൂളുകളിൽ സൃഷ്ടിക്കുന്ന പുതിയ അധ്യാപക തസ്തികകളിൽ പ്രൊട്ടക്ടഡ് അദ്ധ്യാപകർക്കായിരിക്കും ഇനി മുതൽ ഒന്നാമത്തെ മുൻഗണന. ഇതിനാവശ്യമായ നിയമ, ചട്ട ഭേദഗതികൾ പൊതു വിദ്യാഭ്യാസ വകുപ്പ് ഒരു മാസത്തിനകം കൈക്കൊള്ളേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട പരാതികൾ ധനകാര്യ പരിശോധനാ വിഭാഗം പരിശോധന നടത്തേണ്ടതും അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതുമാണ്.

6. കേന്ദ്രാവിഷ്കൃത പദ്ധതികളുൾപ്പെടെ പല പദ്ധതികളും പ്രവർത്തനം അവസാനിപ്പിച്ചിട്ടും പദ്ധതികൾക്കായി നിയമിച്ച ജീവനക്കാർ തുടരുന്ന സാഹചര്യങ്ങളിൽ പ്രസ്തുത ജീവനക്കാരുടെ വിവരങ്ങൾ കണ്ടെത്തി അധിക ജീവനക്കാരെ ആവശ്യമുള്ള വകുപ്പുകളിലേക്ക് പുനർവിന്യസിക്കേണ്ടതാണ്. ഇതു സംബന്ധിച്ച തുടർ നടപടികളടങ്ങിയ കരട് കുറിപ്പുകൾ അവയുടെ നിർവഹണ കലണ്ടർ ഉൾപ്പെടെ ഒരു മാസത്തിനുള്ളിൽ ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര വകുപ്പും ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ചു തയ്യാറാക്കേണ്ടതാണ്.

7. ഫയലുകൾ കൈകാര്യം ചെയ്യുന്നതിന് ഇ-ഓഫീസ് സോഫ്റ്റ്‌വെയർ, കമ്പ്യൂട്ടർ സൗകര്യങ്ങൾ ഉപയോഗിച്ച് വരുന്ന ഓഫീസുകളിൽ അധികമായിട്ടുള്ള ടൈപ്പിസ്റ്റ് തസ്തികകൾ മറ്റു തസ്തികകളിലേക്ക് പുനർവിന്യസിക്കേണ്ടതാണ്. ഓഫീസ് അറ്റന്റന്റ് തസ്തികകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് മാറ്റണം. ഇതിനായി

ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര വകുപ്പ്, ഐ ടി വകുപ്പുമായി ചേർന്ന് നിർവഹണ കലണ്ടർ ഉൾപ്പെടുന്ന കരട് നടപടിക്കുറിപ്പ് തയ്യാറാക്കേണ്ടതാണ്.

8. പൊതുമരാമത്തു, ജല വിഭവ വകുപ്പുകൾ, വാട്ടർ അതോറിറ്റി തുടങ്ങിയ വിവിധ സാങ്കേതിക വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ പോലുള്ള കൂടുതൽ സാങ്കേതിക സൗകര്യങ്ങൾ ഉപയോഗിച്ച് വരുന്നതിനാൽ ഇപ്പോൾ ക്ലറിക്കൽ സ്റ്റാഫ് തയാറാക്കി വരുന്ന ബില്ലുകളും റിപ്പോർട്ടുകളും എസ്റ്റിമേറ്റുകളും തുടങ്ങി ഒട്ടേറെ പ്രവർത്തികൾ സാങ്കേതിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഇപ്പോഴുള്ള ജീവനക്കാർക്ക് തന്നെ ചെയ്യാവുന്നതാണ്. ഇങ്ങനെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് ചെയ്യാവുന്ന കാര്യങ്ങൾ തന്നെ ഇരട്ടിപ്പായി ചെയ്തുവരുന്ന ടൈപ്പിസ്റ്റ് തുടങ്ങിയ ക്ലറിക്കൽ സ്റ്റാഫിന്റെ എണ്ണം കണ്ടെത്തി മറ്റു വകുപ്പുകളിലേക്കോ സ്ഥാപനങ്ങളിലേക്കോ ഒരു മാസത്തിനുള്ളിൽ ബന്ധപ്പെട്ട വകുപ്പുകൾ പുനർവിന്യസിക്കേണ്ടതാണ്. ഇതിനായി ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര വകുപ്പ് ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ചു നിർവഹണ കലണ്ടർ ഉൾപ്പെടുന്ന കരട് നടപടിക്കുറിപ്പ് തയ്യാറാക്കേണ്ടതാണ്.

9. ക്ഷേമനിധികൾ, കമ്മീഷനുകൾ, അതോറിറ്റികൾ, സൊസൈറ്റികളായി രൂപീകരിച്ചിട്ടുള്ള വിവിധ സ്ഥാപനങ്ങൾ തുടങ്ങി ഒരേ മേഖലയിൽ പൊതുവായി ഒരേ തരത്തിലുള്ള വികസന സേവന ഉദ്ദേശങ്ങൾക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സാങ്കേതികമായി പുനഃസംഘടിപ്പിച്ചു ഭരണ സേവന പ്രവർത്തനങ്ങളിലെ ഇരട്ടിപ്പ് ഒഴിവാക്കി കഴിയുന്നത്ര ഒറ്റ ഭരണ സംവിധാനങ്ങളാക്കി മാറ്റേണ്ടതാണ്. ഇക്കാര്യത്തിൽ തുടർ നടപടി നിർദേശങ്ങളടങ്ങിയ നിർവഹണ കലണ്ടർ ഉൾപ്പെടുന്ന കരട് കുറിപ്പുകൾ ഒരു മാസത്തിനുള്ളിൽ ആസൂത്രണ വകുപ്പും ഉദ്യോഗസ്ഥ -ഭരണ പരിഷ്കാര വകുപ്പും കൂടിയാലോചിച്ചു തയ്യാറാക്കേണ്ടതാണ്.

10. സ്റ്റാട്യൂട്ടറി അല്ലാത്ത വിവിധ ജുഡീഷ്യൽ കമ്മീഷനുകളുടെ പ്രവർത്തനത്തിന് ഒരു ഏകോപിത ഓഫീസ് സംവിധാനം മതിയാകും. ഇതു സാധ്യമാക്കുന്നതിനുള്ള കരട് നടപടികൾ അവയുടെ നിർവഹണ കലണ്ടർ ഉൾപ്പെടെ ആഭ്യന്തര, നിയമ വകുപ്പുകൾ ഒരു മാസത്തിനുള്ളിൽ നിർദേശിക്കേണ്ടതാണ്.

11. സംസ്ഥാനത്തെ എല്ലാ സർക്കാർ വകുപ്പുകൾക്കും വിവിധ സ്ഥാപനങ്ങൾക്കും സ്വന്തമായിട്ടുള്ളതും വാടകയ്ക്ക് ഉപയോഗിക്കുന്നതുമായ വാഹനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ധനകാര്യ വകുപ്പിന്റെ വെബ് സൈറ്റിൽ ലഭ്യമായ "VEELS" എന്ന വെബ് അധിഷ്ഠിത വെഹിക്കിൾ മാനേജ്മെന്റ് സിസ്റ്റത്തിൽ രേഖപ്പെടുത്തേണ്ടതാണ്. അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇനിമേൽ സർക്കാർ വാഹനങ്ങളുടെ വാങ്ങൽ, പരിപാലനം, വില്പന, അവയ്ക്കാവശ്യമായ ജീവനക്കാരുടെ നിയമനം, തസ്തിക സൃഷ്ടിക്കൽ എന്നിവ നടത്തുവാൻ പാടുള്ളൂ.

12. ഓരോ സർക്കാർ ഓഫീസിലെയും സ്ഥാപനത്തിലെയും ഈ സാമ്പത്തിക വർഷത്തിൽ ശേഷിക്കുന്ന മാസങ്ങളിലെ പദ്ധതി, പദ്ധതിയേതര ചെലവ് അവയുടെ പ്രതീക്ഷിത ലക്ഷ്യത്തിനായുള്ള വിനിയോഗക്ഷമതയുടെ അടിസ്ഥാനത്തിൽ

ചുരുക്കുന്നതിനുള്ള പ്രായോഗിക നിർദേശങ്ങൾ അവിടങ്ങളിലെ ഉദ്യോഗസ്ഥർക്ക് ധന വകുപ്പ് പ്രസിദ്ധീകരിക്കുന്ന നിശ്ചിത ഫോറത്തിൽ ഓൺലൈനായി അവരുടെ സ്ഥാപനമേധാവികൾക്കു സമർപ്പിക്കാവുന്നതാണ്. വകുപ്പ് മേധാവികൾ ഇവ പരിശോധിച്ച് ശ്രദ്ധേയവും പ്രായോഗികവുമായ പദ്ധതി നിർദേശങ്ങൾ സംസ്ഥാന ആസൂത്രണ ബോർഡ് മുഖേനയും അല്ലാതുള്ളവ ധനവകുപ്പിന് നേരിട്ടും സമർപ്പിക്കേണ്ടതാണ്. അവയിൽ നടപ്പാക്കപ്പെടുന്ന നിർദേശങ്ങൾ സമർപ്പിച്ചവരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവർക്കു സംസ്ഥാന തലത്തിൽ പ്രത്യേക പാരിതോഷികം ധനവകുപ്പ് നൽകുന്നതാണ്.

13. വരുന്ന ഒരു വർഷക്കാലത്തേക്ക് സർക്കാർ കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ, സർക്കാർ സ്ഥാപനങ്ങളിലും ഓഫീസുകളിലും ഫർണിച്ചർ വാങ്ങൽ, വാഹനങ്ങൾ വാങ്ങൽ എന്നിവ അനുവദിക്കുന്നതല്ല.

14. ഔദ്യോഗിക ചർച്ചകൾ, യോഗങ്ങൾ, പരിശീലനങ്ങൾ, പണിപ്പുരകൾ, സംവാദങ്ങൾ തുടങ്ങിയ കൂടിച്ചേരലുകളെല്ലാം പരമാവധി ഓൺലൈൻ വീഡിയോ മാധ്യമങ്ങളിലൂടെ നടത്തേണ്ടതാണ്.

15. ഔദ്യോഗിക യാത്രാ ചെലവുകളുടെ വിവരങ്ങൾ സമർപ്പിക്കുന്നതിനും അനുവദനീയത പരിശോധിച്ചു പണം നൽകുന്നതിനും ഒരു ഏകീകൃത ഓൺലൈൻ സംവിധാനം സ്പാർക്കിന്റെ ഭാഗമായി ധനകാര്യ വകുപ്പ് രണ്ടു മാസത്തിനകം ഏർപ്പെടുത്തേണ്ടതാണ്.

16. ഓഫീസുകളിലും സ്ഥാപനങ്ങളിലും ഇനിയും സൂക്ഷിക്കേണ്ടതില്ലെന്നും പുനരുപയോഗിക്കാൻ കഴിയില്ലെന്നും ഉറപ്പു വരുത്തിയിട്ടുള്ള സാധനങ്ങൾ വരുന്ന മൂന്നു മാസത്തിനുള്ളിൽ ഓൺലൈനിലൂടെ ലേലം ചെയ്തു വിൽക്കുന്നതിനുള്ള നടപടികൾ സ്റ്റോഴ്സ് പർച്ചേസ് വകുപ്പ് കൈക്കൊള്ളേണ്ടതാണ്.

17. ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും കെട്ടിട സൗകര്യങ്ങളിൽ ഉപയോഗിക്കാതെ ശേഷിക്കുന്ന സ്ഥലം എത്രത്തോളം ഉണ്ടെന്നു കണ്ടെത്തി വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവയെ അവിടേക്കു മാറ്റുന്നതിനും കൂടുതൽ സ്ഥലം ആവശ്യമുള്ളവർക്കു നൽകുന്നതിനും വേണ്ട നിർവഹണ നിർദേശങ്ങൾ, വെബിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ വിവര ശേഖരണം നടത്തി, രണ്ടു മാസത്തിനുള്ളിൽ പൊതുമരാമത്തു വകുപ്പ് തയാറാക്കേണ്ടതാണ്.

18. സർക്കാർ ഭൂമിയുടെ പാട്ടത്തുക അടിയന്തിരമായി പിരിച്ചെടുക്കാൻ മിഷൻ മോഡിൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പ്രവർത്തനം നടത്തേണ്ടതാണ്. ഭൂമിയുടെ കമ്പോളവില അനുസരിച്ച് വേണം പാട്ടത്തുക കണക്കാക്കേണ്ടത്. പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാർ സ്ഥാപനങ്ങളും ഉപയോഗശൂന്യമായിട്ടിരിക്കുന്ന ഭൂമി തിരിച്ചുപിടിക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

19. മേൽ വിവരിച്ചിട്ടുള്ള നടപടികൾക്കൊപ്പം ഇപ്പോൾ നിലവിലുള്ള മറ്റെല്ലാ വ്യയ നിയന്ത്രണ നടപടികളും തുടരുന്നതാണ്.

20. മേൽ വിവരിച്ചിട്ടുള്ളതുൾപ്പെടെയുള്ള വ്യയ നിയന്ത്രണ നടപടികൾ എല്ലാ വകുപ്പിലും അവയുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും കർശനമായി നടപ്പാക്കുന്നുവെന്നു നിരീക്ഷിക്കുന്നതിനും റിപ്പോർട്ട് (ഓൺലൈൻ) ചെയ്യുന്നതിനുമായി മേൽ പരാമർശിച്ചിട്ടുള്ള ഓരോ വകുപ്പിലും കുറഞ്ഞത് ഒരു വർഷത്തെയെങ്കിലും സേവന പരിചയം ഉള്ള ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതും അവരുടെ മൊബൈൽ ഫോൺ നമ്പർ, ഇ-മെയിൽ വിലാസം എന്നീ വിവരങ്ങളടങ്ങിയ റിപ്പോർട്ട് ധനകാര്യ (വ്യയ) സെക്രട്ടറിക്കു ഇ - മെയിലായി രണ്ടാഴ്ചക്കകം അറിയിക്കേണ്ടതുമാണ്. പ്രസ്തുത റിപ്പോർട്ടുകളുടെ സംഗ്രഹത്തെ അടിസ്ഥാനമാക്കി ധനകാര്യ (വ്യയ) വകുപ്പ് മാസാന്ത്യ നടപടി കുറിപ്പുകൾ തയ്യാറാക്കേണ്ടതാണ്.

21. വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രവൃത്തിയുടെയും വിതരണക്കാരുടെയും ബില്ലുകൾ നവംബർ 1 മുതൽ ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറ്റേണ്ടതാണ്.

22. അധിക വായ്പയ്ക്ക് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ എല്ലാ വകുപ്പുകളും എത്രയും പെട്ടെന്ന് പാലിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**രാജേഷ് കുമാർ സിംഗ് ,**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-

അക്കൗണ്ടന്റ് ജനറൽ (എ & ഇ.) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II.) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് / ഓഫീസ് തലവൻമാർക്കും.
നിയമം ഉൾപ്പെടെ സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും.
ട്രഷറി ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മിഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
രജിസ്ട്രാർ, കേരള സർവ്വകലാശാല / കൊച്ചി / കോഴിക്കോട് / മഹാത്മ ഗാന്ധി/ കണ്ണൂർ / കേരള കാർഷിക സർവ്വകലാശാല / ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല/മലയാളം സർവ്വകലാശാല/ആരോഗ്യ സർവ്വകലാശാല/ സാങ്കേതിക സർവ്വകലാശാല.
എല്ലാ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണറുടെ സെക്രട്ടറി, മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി, മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ,
ചീഫ് വിപ്പിന്റെ പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.

സ്പീക്കറുടെ / ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
എല്ലാ സർക്കാർ കമ്പനികളുടേയും / ബോർഡ് / കോർപ്പറേഷനുകൾ / പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ മാനേജിംഗ് ഡയറക്ടർ / ജനറൽ മാനേജർക്കും
നോഡൽ ഓഫീസർ, www.finance.kerala.gov.in
ഓഫീസ് പകർപ്പ് / സൂക്ഷിപ്പ് ഫയൽ (E. 1494909)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് – കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യാൻ നിയോഗിച്ചിരുന്ന സമിതികളുടെ ശിപാർശകൾ പരിഗണിച്ച് പുറപ്പെടുവിച്ച ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിന് ഉതകുന്ന വ്യയ നിയന്ത്രണ നിർദ്ദേശങ്ങൾ - ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

**ധനകാര്യ (രഹസ്യ വിഭാഗം) വകുപ്പ്**

**സ. ഉ. (കൈ) നം. 166/2023/ധന. തീയതി, തിരുവനന്തപുരം, 08.11.2023**

പരാമർശം - 1. സ. ഉ. (അ) നം. 152/2020/ധന. തീയതി 05.11.2020.
2. സ. ഉ. (കൈ) നം. 130/2021/ധന. തീയതി 09.11.2021.
3. സ.ഉ. (കൈ) നം. 200/2022/ധന. തീയതി 09.11.2022

**ഉത്തരവ്**

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യാൻ നിയോഗിച്ചിരുന്ന സമിതികളുടെ ശിപാർശകൾ പരിഗണിച്ച് ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിന് ഉതകുന്ന വ്യയ നിയന്ത്രണ നിർദ്ദേശങ്ങൾ പരാർശം-1 ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക - 13 പ്രകാരം സർക്കാർ കെട്ടിടങ്ങളുടെ മോടി പിടിപ്പിക്കൽ, സർക്കാർ സ്ഥാപനങ്ങളിലും ഓഫീസുകളിലും ഫർണിച്ചർ വാങ്ങൽ, വാഹനങ്ങൾ വാങ്ങൽ എന്നീ ഇനം ചെലവുകൾക്ക് ഒരു വർഷത്തേയ്ക്ക് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണം പരാമർശം-2, 3 ഉത്തരവുകൾ പ്രകാരം പിന്നീട് നീട്ടിയിരുന്നു. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ചെലവുകൾ നിയന്ത്രിക്കേണ്ടത് അനിവാര്യമായതിനാൽ മേൽ പരാമർശിത ഉത്തരവുകൾ പ്രകാരം മുകളിൽ പ്രതിപാദിച്ച ഇനം ചെലവുകൾക്ക് ഏർപ്പെടുത്തിയ നിയന്ത്രണം ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

പരാമർശത്തിലെ ഉത്തരവുകൾ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രബീന്ദ്ര കുമാർ അഗർവാൾ**
പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ. & ഇ.) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് / ഓഫീസ് തലവൻമാർക്കും.
നിയമം ഉൾപ്പെടെ സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും.
ട്രഷറി ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
രജിസ്ട്രാർ, കേരള സർവ്വകലാശാല / കൊച്ചി / കോഴിക്കോട് / മഹാത്മ ഗാന്ധി / കണ്ണൂർ/ കേരള കാർഷിക സർവ്വകലാശാല / ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല/ മലയാളം സർവ്വകലാശാല/ ആരോഗ്യ സർവ്വകലാശാല/ സാങ്കേതിക സർവ്വകലാശാല/ ഫിഷറീസ് സർവ്വകലാശാല/ കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാല.
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
സെക്രട്ടറി, തദ്ദേശസ്വയംഭരണ ഓംബുഡ്സ്മാൻ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
എല്ലാ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണറുടെ സെക്രട്ടറി, മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി, മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ, ചീഫ് വിപ്പിന്റെ പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി, സ്പീക്കറുടെ / ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്.
ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി.
എല്ലാ കമ്മീഷനുകളുടെ സെക്രട്ടറിമാർക്കും.
എല്ലാ സർക്കാർ കമ്പനികളുടെയും / ബോർഡുകൾ/ കോർപ്പറേഷനുകൾ / പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ മാനേജിംഗ് ഡയറക്ടർ/ജനറൽ മാനേജർക്കും.
നോഡൽ ഓഫീസർ, www.finance.kerala.gov.in
ഓഫീസ് പകർപ്പ് / സൂക്ഷിപ്പ് ഫയൽ (E-1897446-SS-3/63/2021-ധന.)

ഉത്തരവിൻ പ്രകാരം
Signed by
Suresh K B
Date: 09-11-2023 10:48:44
സെക്ഷൻ ഓഫീസർ